# അമൃത സർവകലാശാലയ്ക്ക് അവാർഡ്

**കോയമ്പത്തൂർ:** അമൃത സർവകലാശാലാ വിദ്യാർഥികൾ രൂപകല്പനചെയ്ത സ്റ്റുഡൻറ് ഫോർമുല വെഹിക്കിൾ അഖിലേന്ത്യാ തലത്തിൽ 'ബെസ്റ്റ്-ഇൻ-അപ്പിയറൻസ്' അവാർഡിന് അർഹമായി.

എസ്.എ.ഇ. ഇന്ത്യ എൻജിനീയറിങ് ആൻഡ് സയൻറിഫിക്ക് സൊസൈറ്റിയുടെ 'സുപ്ര-2016' ദേശീയ എൻജിനീയറിങ് മത്സരത്തിലാണ് അവാർഡ്. ഡിസൈൻ-എസ്റ്റിമേഷൻ വിഭാഗത്തിലും അമൃത സർവകലാശാലയ്ക്കാണ് അവാർഡ്. ദേശീയ മത്സരത്തിൽ 36 യൂണിവേഴ്സിറ്റികൾ പങ്കെടുത്തു.

അമൃതയിലെ 24 വിദാർഥികളടങ്ങിയ സംഘമാണ് പ്രോട്ടോടൈപ്പ് കാർ ഡിസൈൻ ചെയ്ത് വികസിപ്പിച്ചെടുത്തത്.

ഡൽഹി ബുദ്ധ് ഇൻറർനാഷണൽ സർക്യൂട്ടിൽ റെയ്സിങ് കാർ പ്രദർശിപ്പിക്കയും ചെയ്തു. കുശാൽ ബാട്ടിജയായിരുന്നു വിദ്യാർഥിസംഘം നേതാവ്.

അമൃത സർവകലാശാലാ എൻജിനീയറിങ് ഡീൻ ഡോ. ശശാങ്കൻ രാമനാഥൻ, മെക്കാനിക്കൽ എൻജിനീയറിങ് വകുപ്പ് ചെയർമാൻ ഡോ. എസ്. തിരുമാലിനി എന്നിവർ വിദ്യാർഥികളെ അഭിനന്ദിച്ചു.